## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം

75(3506) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദനികുതിയും പരസ്യനികുതിയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിന് ജി.എസ്.ടി. വിഹിതം ഈ സ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രഖ്യാപനം പൂർണ്ണമായി പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

1-7-2017-ൽ ചരക്ക് സേവന നികുതി (ജി.എസ്.ടി.) പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി 2017 ജൂലൈ ഒന്നു മുതൽ ഒഴിവാക്കുകയും ഇതിനെ തുടർന്ന് വിനോദ നികുതിയിനത്തിൽ പ്രാദേശിക സർക്കാരുകൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിനോദ നികുതിയുടെ 2017-18-ലെ നഷ്ടപരിഹാരം അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും 2015-16-ൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും പിരിച്ചെടുത്ത വിനോദ നികുതിക്കും അതിന്റെ പതിനഞ്ചു ശതമാനത്തിനും തുല്യമായ തുകയായ 91.86 കോടി രൂപ 2018-19 സാമ്പത്തിക വർഷം 30-10-2018-ലെ സ.ഉ.(സാധാ)നം. 8957/2018/ധന ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ്

76(3507) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് ഏതുവർഷം വരെയെന്നും ആയത് അഞ്ചുവർഷം കൂടെ നീട്ടണമെന്ന ആവശ്യം കേന്ദ്ര ധനകാര്യവകുപ്പ് അംഗീകരിച്ചുവോ എന്നും വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാന നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ധനമന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയെക്കണ്ട് സംസ്ഥാന കാര്യങ്ങൾ ധരിപ്പിച്ചതുവഴി ലഭ്യമായ ഉറപ്പുകൾ എന്തെല്ലാം;

(എ&ബി) സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. നഷ്ടപരിഹാരകാലയളവ് 2022 ജൂൺ 30-ൽ അവസാനിക്കും. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly